ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ചുബിഷപ്പ് – കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർ എപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും
പട്ടക്കാർക്കും ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2011

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ**
**ത്രീയേക ദൈവത്തിനു സ്തുതി.**

## 81–ാം പുനരൈക്യ വാർഷികവും
## കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശയും

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 2005–ൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തിയത് നമ്മെ ഏവരേയും സംബന്ധിച്ച് വലിയ സന്തോഷത്തിന്റെയും ചാരിതാർത്ഥ്യത്തിന്റെയും അഭിമാനത്തിന്റെയും അനുഭവമായിരുന്നല്ലോ. പരിശുദ്ധ സുന്നഹ



ദോസായി വളർന്ന നമ്മുടെ ഭരണ സംവിധാനത്തിന്റെയും സഭയുടെ പൊതുവായ ക്രമീകരണങ്ങളുടെയും ഒരാസ്ഥാന കാര്യാലയം നമു ക്കാവശ്യമായിരുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലാണ് സഭയുടെ ആസ്ഥാന കാര്യാലയം പ്രവർത്തിച്ചു തുടങ്ങിയത്. 2005–ൽത്തന്നെ ആസ്ഥാനകാര്യാലയത്തിനുള്ള ആലോചനകൾ ഭാഗ്യസ്മരണാർഹ നായ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമേനി നടത്തുകയും കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിക്കുകയും ചെയ്തിരു ന്നു. പൗരസ്ത്യ തിരുസംഘത്തിന്റെ അന്നത്തെ അദ്ധ്യക്ഷൻ അത്യു ന്നത പാത്രിയാക്കീസ്–കർദ്ദിനാൾ ഇഗ്നാസ് മൂസാ ദാവൂദ് തിരുമന സ്സുകൊണ്ട് 2005 മെയ് 15 ന് കാതോലിക്കേറ്റ് സെന്ററിന്റെ അടിസ്ഥാന ശില ആശീർവദിക്കുകയുണ്ടായി. ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് ബാവാ തിരുമേനി വലിയ നേതൃത്വവും കരുതലും ഈ വിഷയത്തിൽ പ്രകടമാക്കുകയുണ്ടായി. വന്ദ്യ ബാവാ തിരുമേ നിയെ ഏറ്റം കൃതജ്ഞതയോടെ സ്മരിക്കുന്നു.

2007–ൽ സഭയുടെ ചുമതല ഞാൻ ഏറ്റെടുത്തതിനുശേഷം ജൂലൈ 14 ന് മാർ ഈവാനിയോസ് തിരുമേനിയെ ദൈവദാസനായി പ്രഖ്യാപിച്ച ദിവസം കെട്ടിടത്തിന്റെ അടിസ്ഥാനശില പ്രതിഷ്ഠിക്കു കയുണ്ടായി. ഇപ്പോൾ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കാതോ ലിക്കേറ്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ സാമ്പത്തിക മായി നമ്മെ സഹായിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച് നമ്മുടെ വിവിധ ഭദ്രാസനങ്ങളെയും സന്യാസസമൂഹ ങ്ങളെയും കുടുംബങ്ങളെയും വ്യക്തികളെയും ഉപകാരികളെയും ഹൃദയപൂർവ്വം കൃതജ്ഞതയോടെ ഓർക്കുന്നു. അവർക്കെല്ലാം നന്ദിയർപ്പിക്കുന്നു.

പുനരൈക്യ പ്രസ്ഥാനത്തിന്റെ 81–ാം വാർഷികത്തിന്റെ ഭാഗമായി 2011 സെപ്റ്റംബർ 21–ാം തീയതി പുതിയ കാതോലിക്കേറ്റ് സെന്റ റിന്റെ കൂദാശ നിർവ്വഹിക്കപ്പെടുന്നതാണ്. അന്നേദിവസം രാവിലെ

8.30 ന് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ആഘോഷമായ വിശുദ്ധ സമൂഹബലി, പൊതു സമ്മേളനം ഇവയെ തുടർന്നാണ് കൂദാശ. സ്നേഹവിരുന്നോടുകൂടി ചടങ്ങുകൾ സമാപിക്കും. നമ്മുടെ സഭയുടെ ആസ്ഥാന കാര്യാലയമായ കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശയിലും മറ്റു ചടങ്ങുകളിലും സംബന്ധിക്കുവാൻ നിങ്ങളെ ഏവരേയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

81-ാം പുനരൈക്യ വാർഷിക ആഘോഷങ്ങൾ സെപ്റ്റംബർ 18, 19, 20 തീയതികളിൽ പട്ടം കത്തീഡ്രൽ ദൈവാലയാങ്കണത്തിൽ വച്ചു നടക്കുന്ന മലങ്കര കത്തോലിക്കാ കൺവൻഷനോടുകൂടി ആരംഭിച്ച് കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശയോടുകൂടി സമാപിക്കുന്നതാണ്. സെപ്റ്റംബർ മാസം 21-ാം തീയതി ഉച്ച കഴിഞ്ഞ് മൂന്നു മണിയോടു കൂടി നമ്മുടെ സഭയുടെ പ്രഥമ അസംബ്ലി കാതോലിക്കേറ്റ് സെന്ററിൽ ആരംഭിക്കുന്നതും 23-ാം തീയതി ഉച്ച കഴിഞ്ഞ് നാലു മണിക്ക് അവസാനിക്കുന്നതുമാണ്. നമ്മുടെ സഭയിലെ 180 പ്രതിനിധികളാണ് അസംബ്ലിയിൽ പങ്കെടുക്കുന്നത്. അസംബ്ലിയെ തുടർന്ന് 23 ന് വൈകുന്നേരം തുടങ്ങുന്ന പരിശുദ്ധ സുന്നഹദോസ്, അസംബ്ലി നിർദ്ദേശങ്ങൾ പഠിക്കുന്നതും 'സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭ' എന്ന വിഷയം പ്രായോഗികമായി ആവിഷ്ക്കരിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതുമാണ്. നിങ്ങളേവരും നമ്മുടെ അസംബ്ലിയുടെ ദൈവിക നടത്തിപ്പിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ സഭമുഴുവൻ കൂടുതൽ മിഷൻ ചൈതന്യത്തോടുകൂടി പ്രവർത്തിക്കേണ്ടതും സാക്ഷ്യം നല്കേണ്ടതുമായ സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിന് വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!" (1 കോറി. 9:16) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നമുക്ക് ഹൃദയത്തിൽ സ്വാംശീകരിച്ച് പ്രവർത്തിക്കാം.



ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകലവിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി



**✠ മോറാൻ മോർ ബസേലിയോസ് ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്- കാതോലിക്കാ ബാവാ

30.08.2011
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........

N.B: ഈ കല്പന അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും ആരാധനാകേന്ദ്രങ്ങളിലും വായിക്കേതാണ്.